(സി) ഉണ്ട്. 30-4-2003-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി.) നമ്പർ 100 പ്രകാരം കമ്പ്യൂട്ടർ പഠനത്തിന് ആഴ്ചയിൽ 4 പിരീഡാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിൽ രണ്ട് പിരീഡ് തിയറിക്കും രണ്ട് പിരീഡ് പ്രാക്ടിക്കലിനുമാണ്. ഈ പിരീഡുകൾ കണ്ടെത്തിയിരിക്കുന്നതു ഇപ്രകാരമാണ്.

(1) 2 പിരീഡുകൾ വർക്ക് എക്സ്പീരിയൻസ് അഥവാ ബ്രീവൊക്കേഷണൽ വിഷയത്തിന്റേതിൽ നിന്നും എടുക്കാവുന്നതാണ്.

(2) മറ്റ് വിഭാഗത്തിലുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പിരീഡുകൾ ലഭ്യമെങ്കിൽ ഇതിനായി മാറ്റി വയ്ക്കാവുന്നതാണ്. മേൽപ്പറഞ്ഞ പ്രകാരം പിരീഡുകൾ കണ്ടെത്തുവാൻ സാധിച്ചില്ലെങ്കിൽ കോർ വിഷയങ്ങളായ സയൻസ്, സോഷ്യൽ സയൻസ്, കണക്ക് എന്നീ വിഷയങ്ങൾക്കുള്ള പിരീഡിൽ നിന്നും സമയം കണ്ടെത്താവുന്നതാണ്. കൂടാതെ ഐ. റ്റി. അഡ്വൈസറി കൗൺസിലിന്റെ അംഗീകാരത്തോടുകൂടി അദ്ധ്യയന സമയത്തിനു മുൻപും പിൻപും പിരീഡുകൾ കണ്ടെത്തി ഐ. ടി. പഠനം സ്കൂളുകളിൽ സുഗമമായി നടത്താവുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

പ്രത്യേക കായിക പരിശീലന പരിപാടി

*10 [278] ശ്രീ. എം. മുരളി:
,, ടി. എൻ. പ്രതാപൻ:
,, വി. ഡി. സതീശൻ:
,, ജോർജ് ജെ. മാത്യു:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക മത്സരങ്ങളിൽ താല്പര്യമുള്ള സ്കൂൾ വിദ്യാർത്ഥികളുടെ കഴിവ് പരിപോഷിപ്പിക്കുന്നതിനായി പ്രത്യേക കായിക പരിശീലന പരിപാടി നടപ്പാക്കിയിരുന്നുവോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എന്തെല്ലാം കാര്യങ്ങളാണ് നടത്തിവന്നിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിയുടെ പരിധിയിൽ വരുന്ന കുട്ടികൾക്ക് എന്തു ധന സഹായം നൽകിയിരുന്നു;

(ഡി) എത്ര സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കിയിരുന്നു;

(ഇ) ഈ വർഷം ഈ പദ്ധതി വേണ്ടെന്നു വച്ചിട്ടുണ്ടോ; എങ്കിൽ എന്തു കൊണ്ട് എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) നടപ്പാക്കിയിരുന്നു.

(ബി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 129 സ്കൂളുകളിൽ സ്പെഷ്യൽ കോച്ചിംഗ് പ്രോഗ്രാമിലൂടെ കായിക വാസനയുള്ള കുട്ടികളെ ചെറുപ്രായത്തിലേ കണ്ടുപിടിച്ച് അവർക്ക് 5-ാം ക്ലാസു മുതൽ 10-ാം ക്ലാസുവരെ നീണ്ടുനിൽക്കുന്ന പ്രത്യേക കായിക പരിശീലനം നൽകുന്നുണ്ട്.

(സി) പരിശീലന ദിവസം പോഷകാഹാരങ്ങൾ നൽകുന്നതിന് ഒരു കുട്ടിക്ക് ഒരു ദിവസം ഏഴ് രൂപ വീതവും യൂണിഫോം വാങ്ങുന്നതിന് പരിശീലന കേന്ദ്രം ഒന്നിന് 5000 രൂപ വീതവും ധനസഹായം നൽകിവരുന്നു.

(ഡി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 129 സ്കൂളുകളിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ഇ) ഇല്ല.

അദ്ധ്യാപകരുടെ അവധി ഒഴിവിലേക്കുള്ള നിയമനം

*11 [280] ശ്രീ. തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപകരുടെ അവധി ഒഴിവിലേക്കുള്ള നിയമനത്തിന് പുതിയ മാനദണ്ഡം ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly